**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4532** **19-07-2022 - ൽ മറുപടിയ്ക്ക്**

**കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് സൂര്യാസ്തമയം കാണുന്നതിനായി സന്ദർശന സമയം ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | നിലവിൽ കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രത്തിലെ സന്ദർശന സമയം രാവിലെ 8.00 മണി മുതൽ വൈകുന്നേരം 4.30 മണി വരെയാണ്. സൂര്യാസ്തമയം ദൃശ്യമാകുന്ന സമുദ്രനിരപ്പിൽ നിന്നും 1500 അടി ഉയരത്തിലുള്ള വാച്ച് ടവറിലേക്ക് 1.90 കി.മീറ്റർ ദൂരം കാൽനടയായാണ് സന്ദർശകർ എത്തുന്നത്. ആയതിന് ഉദ്ദേശം 45 മിനിട്ട് സമയം എടുക്കുന്നതാണ്. സമുദ്രനിരപ്പിൽ നിന്നും 1500 അടി ഉയരത്തിലുള്ള മലമ്പ്രദേശമായതിനാലും ദുർഘടമായ പാതയുൾപ്പെടുന്നതിനാലും, വൈദ്യുതിയോ മൊബൈൽ ടവറോ നിലവിൽ ഇല്ലാത്തതിനാലും, വന്യജീവികളുടെ സാന്നിദ്ധ്യം ഉള്ളതിനാലും സന്ദർശകരുടെ സുരക്ഷാകാരണങ്ങളാൽ സമയം ദീർഘിപ്പിക്കാൻ നിർവ്വാഹമില്ല. |
| (ബി) | കൊടികുത്തി മല ഇക്കോ ടൂറിസം കേന്ദ്രത്തിലെ വ്യൂ പോയിന്റിലേക്ക് സഞ്ചാരികൾക്ക് എത്തിച്ചേരുന്നതിന് ട്രക്കിംഗ് വാഹനങ്ങൾ അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ചെങ്കുത്തായ മലനിര ആയതിനാലും സ്ഥലമില്ലായ്മയും കാരണം ട്രക്കിംഗ് വാഹനം അനുവദിക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ